ഉത്തരം

(എ, ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദ്യാഭ്യാസം നേടിയ വനിതകൾക്ക് അവരവരുടെ ട്രെയ്ഡിനനുസൃതമായി വിവിധ മേഖലകളിൽ പരിശീലനം നൽകി വാട്ടർ മീറ്റർ, ഇലക്ട്രിസിറ്റി മീറ്റർ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, വയർലെസ് സെറ്റുകൾ, ടി. വി. എന്നിവയുടെ റിപ്പയറിംഗ് സെന്ററുകൾ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 8 ജില്ലകളിലായി മൊത്തം 14 സൊസൈറ്റികൾ/ യൂണിറ്റുകൾ സ്ഥാപിക്കുകയും 650-ൽപ്പരം വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം

48 [1632] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ പ്രവർത്തനം വിപുലീകരിക്കാനും ശക്തിപ്പെടുത്താനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അംഗൻവാടികളുടെ പ്രവർത്തനം സംസ്ഥാനത്ത് വേണ്ടത്ര കാര്യക്ഷമത നേടിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടികൾക്ക് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനെക്കുറിച്ച് പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുവാൻ തയ്യാറാകുമോ;

(ഇ) അംഗൻവാടികളിൽ ശിക്ഷണത്തിന് പ്രത്യേക പദ്ധതി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) ഇല്ല. അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമായിട്ടാണ് നടക്കുന്നത്. ഇതിന് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇപ്പോൾ തന്നെ ഫലപ്രദമായ പദ്ധതി നിലവിലുള്ളതിനാൽ ഒരു പ്രത്യേക പദ്ധതി ഏർപ്പെടുത്തേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

സംയോജിത ശിശുവികസന പദ്ധതി

49 [1634] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ സംയോജിത ശിശു വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly